# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – 314 14.03.2017- ൽ മറുപടിയ്ക്ക്

## പ്രവാസി ക്ഷേമബോർഡ് രൂപീകരിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എം. രാജഗോപാലൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. പി.വി.അൻവർ | | ശ്രീ. പിണറായി വിജയൻ<br>*(മുഖ്യമന്ത്രി)* |
| എ) | പ്രവാസികളുടെ ചെറുതും ഇടത്തരവുമായ നിക്ഷേപങ്ങൾ സമാഹരിക്കാനായി പ്രവാസി ക്ഷേമ ബോർഡ് രൂപീകരിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം നല്കുമോ ; | എ) | പ്രവാസി കേരളീയർക്ക് ആശ്വാസം നല്കുന്നതിനും അവരുടെ ക്ഷേമം ഉറപ്പു വരുത്തുന്നതിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നല്കുന്നതിനായി പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡ് നിലവിലുണ്ട്. നിലവിലുള്ള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ പ്രവാസി നിക്ഷേപം സ്വീകരിക്കുന്നതിനുള്ള പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. പ്രവാസികളുടെ നിക്ഷേപ സാധ്യത ഫലപ്രദമായി ഉപയോഗപ്പെടുത്തുന്ന തിനായി നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ നോർക്ക റൂട്ട്സ് രൂപീകരിച്ചിട്ടുണ്ട്. |
| ബി) | പ്രവാസികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ വിഭാവനം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | ബി) | സംസ്ഥാനത്ത് പ്രവാസികളുടെ ക്ഷേമത്തിനായി നോർക്ക റൂട്ട്സ് വഴി താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>• സാന്ത്വന പദ്ധതി<br>• നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതി<br>• 24 മണിക്കൂർ കോൾ സെന്റർ |

- സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം
- പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം
- ജോബ് പോർട്ടൽ
- നോർക്ക-റൂട്ട്സ് സാറ്റലൈറ്റ് ഓഫീസുകളുടെ സ്ഥാപനം
- പ്രവാസി നിയമ സഹായ സെൽ
- എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട്
- സ്വപ്ന സാഫല്യം
- നോർക്ക ബിസിനസ്സ് സഹായക കേന്ദ്രം (NBFC)
- വിസ തട്ടിപ്പിനെതിരെയുള്ള ബോധവൽക്കരണം
- കാരുണ്യം
- ചെയർമാൻ ഫണ്ട് പദ്ധതി
- പ്രാഗത്ഭ്യം തെളിയിച്ച വിദേശ കേരളീയരുടെ ഡാറ്റാ ബേസ് രൂപീകരിക്കൽ
- ജില്ലകളിൽ നോർക്ക — റൂട്ട്സ് സെല്ലുകൾ

പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ അംഗത്വമുള്ളവർക്ക് വേണ്ടി ബോർഡ് നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ താഴെ ചേർക്കുന്നു.

- പെൻഷൻ
- കുടുംബപെൻഷൻ
- അവശതാ പെൻഷൻ
- മരണാനന്തര സഹായം
- ചികിത്സാ സഹായം
- വിവാഹ ധനസഹായം
- പ്രസവാനുകൂല്യം
- വിദ്യാഭ്യാസ ആനുകൂല്യം

| | | | |
|---|---|---|---|
| | പ്രവാസികളുടെ നിക്ഷേപങ്ങൾക്ക് പൂർണ്ണ സുരക്ഷിതത്വം ഉറപ്പ വരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | സി) | കെ.എസ്.എഫ്.ഇ. മുഖേന നടപ്പാക്കുന്ന എൻ.ആർ.ഐ. ചിട്ടികളിൽ നിക്ഷേപിക്കുന്നവർക്ക് സുരക്ഷ ഉറപ്പാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| ഡി) | നോർക്കയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ? | ഡി) | നോർക്കയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ താഴെ പറയുന്ന പുതിയ പദ്ധതികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br><br>1. പ്രവാസി മലയാളികളുടെ ഓൺ ലൈൻ രജിസ്ട്രേഷനും വിവര ശേഖരണവും (Creation of Online registration system and a database )<br>2. തൊഴിൽ അന്വേഷണം നൈപുണ്യവും . റിക്രൂട്ട്മെന്റ്, റിക്രൂട്ട്മെന്റിന് മുമ്പും ശേഷവും ഉള്ള സേവനങ്ങൾ .(New initiative for market research, skill, Pre – Recruitment, Recruitment and Post recruitment services)<br>3. ലോക കേരള സഭ<br>4. ഗ്ലോബൽ കേരള കൾച്ചറൽ സമ്മേളനം.<br>5. വിമാനത്താവളത്തിൽ നിന്നുള്ള എമർജൻസി ആംബുലൻസ് സർവ്വീസ്. |

സെക്ഷൻ ഓഫീസർ